മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

15 (3108) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവായതു പ്രകാരം എത്ര തുക വിതരണം ചെയ്യാൻ ബാക്കിയുണ്ടെന്ന് ജില്ല അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത തുക വിതരണം ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവായവർക്ക് എപ്പോൾ തുക വിതരണം ചെയ്യാൻ സാധിക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ)

ജില്ല	*തുക*
തിരുവനന്തപുരം	4,69,18,804
കൊല്ലം	1,88,39,500
പത്തനംതിട്ട	3,45,71,000
ആലപ്പുഴ	1,51,99,500
കോട്ടയം	5,00,00,000
ഇടുക്കി	4,24,85,000
എറണാകുളം	7,00,00,000
തൃശ്ശൂർ	1,27,94,000
പാലക്കാട്	3,76,46,473
മലപ്പുറം	5,36,57,718
കോഴിക്കോട്	2,88,11,500
വയനാട്	50,00,000
കണ്ണൂർ	98,50,000
കാസർഗോഡ്	3,37,67,005
ആകെ	**45,95,40,500**

LIBRARY ARCHIVES Kerala Legislative Assembly

(ബി & സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധന സഹായത്തിനായി ലഭിക്കുന്ന അപേക്ഷകളുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയുംമൂലം ഉത്തരവ് പുറപ്പെടുവിച്ചുകഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്തുപറഞ്ഞു കൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

ക്ലാസ്സ് IV , ക്ലാസ്സ് III തസ്തികകളിലേക്കുള്ള നിയമനപ്രായപരിധി

16 (3109) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരള സർക്കാർ ജോലികളിൽ ക്ലാസ്സ് IV, ക്ലാസ്സ് III എന്നീ തസ്തികകളിലേക്ക് പി.എസ്.സി.വഴി അപേക്ഷിക്കുന്നതിനുള്ള കുറഞ്ഞ പ്രായപരിധി ഉയർത്തുവാൻ ആലോചിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

കുടുംബ കോടതികളിലെ വിവാഹമോചന കേസ്സുകൾ

17 (3110) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കുടുംബ കോടതികളിൽ 2015 ജനുവരി മുതൽ ഡിസംബർ വരെ എത്ര വിവാഹ മോചന കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്താമോ?

ഉത്തരം

ലഭ്യമായ കണക്കനുസരിച്ച് 2015 വർഷത്തിൽ കുടുംബ കോടതികളിൽ 19028 വിവാഹമോചന കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly